# ജി.എം.യു.പി.സ്കൂൾ കാട്ടാമ്പള്ളി




# സുഗേയം

## അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 2026

# അടിസ്ഥാനവിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിൻറെ പേര് | : | ജി എം യു പി സ്കൂൾ കാട്ടാമ്പള്ളി |
| വിലാസം | : | കാട്ടാമ്പള്ളി (പി.ഒ), കണ്ണൂർ 670 0 11 |
| അധ്യയനം നടത്തുന്ന ക്ലാസുകൾ | : | LKG,UKG 1മുതൽ 7വരെ |
| ഭരണവിഭാഗം | : | സർക്കാർ |
| പഠനമാധ്യമം | : | മലയാളം,ഇംഗ്ലീഷ് |
| പ്രധാന അധ്യാപകൻ | : | സജിത്ത് എ കെ |
| ഫോൺ നമ്പർ | : | 9847306748 |

## മറ്റു വിവരങ്ങൾ

| | | |
|---|---|---|
| ഉപജില്ല | : | പാപ്പിനിശ്ശേരി |
| വിദ്യാഭ്യാസ ജില്ല | : | കണ്ണൂർ |
| ബി ആർ സി | : | പാപ്പിനിശ്ശേരി |
| സി ആർ സി | : | ചിറക്കൽ |
| പ്രാദേശിക ഭരണകൂടം | : | ചിറക്കൽ പഞ്ചായത്ത് |
| വാർഡ് | : | VI |
| ബ്ലോക്ക് | : | ചിറക്കൽ |
| നിയമസഭാമണ്ഡലം | : | അഴീക്കോട് |
| ലോകസഭാ മണ്ഡലം | : | കണ്ണൂർ |

# <u>സ്ഥിതിവിവരക്കണക്ക്</u>

സ്കൂൾ കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം ഒന്നരഏക്കർ

| | | |
|---|---|---|
| കെട്ടിടങ്ങളുടെ എണ്ണം | : | 7 |
| സ്മാർട്ട് ക്ലാസ് മുറികൾ | : | 9 |
| ആകെ ക്ലാസ്മുറികൾ | : | 48 |
| ടോയ്‌ലറ്റുകൾ | | |
| ആൺ | : | 8 |
| പെൺ | : | 16 |
| ശുചിമുറി | : | 20 (ആൺ) |

അധ്യാപക-അനധ്യാപകരുടെ വിവരം

| | | |
|---|---|---|
| PD ടീച്ചർ | : | 3 |
| LPST | : | 13 |
| UPST | : | 7 |
| URUDU | : | 1 |
| ARABIC | : | 3 |
| SANSKRIT | : | 1 |
| HINDI | : | 1 |
| OFFICE ATTENDANT | : | 1 |

# കുട്ടികളുടെ എണ്ണം

| വർഷം | ആൺ | പെൺ | ആകെ |
|---|---|---|---|
| 2025 | 284 | 322 | 606 |
| 2024 | 310 | 355 | 665 |
| 2023 | 354 | 392 | 746 |
| 2022 | 360 | 401 | 761 |
| 2021 | 375 | 400 | 775 |
| 2020 | 331 | 364 | 695 |

# ഉള്ളടക്കം.

ആമുഖം.

പൊതു ലക്ഷ്യം.

വിദ്യാലയ ചരിത്രം.

അവസ്ഥാ വിശകലനം.

പ്രവർത്തനം ഒറ്റനോട്ടത്തിൽ.

പദ്ധതി വിശദാംശങ്ങൾ.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി പ്രവർത്തനങ്ങൾ.

പ്രതീക്ഷിത നേട്ടങ്ങൾ.

മോണിറ്ററിംഗ്.

ഉപസംഹാരം.

# ആമുഖം

ഒരു വിദ്യാഭ്യാസ സ്ഥാപനത്തിലെ അക്കാദമിക പ്രവർത്തനങ്ങൾക്ക് ദിശ നിർദേശിക്കുന്ന സമഗ്രമായ രേഖ ആണല്ലോ അക്കാദമികമാസ്റ്റർപ്ലാൻ.കാലഘട്ടത്തിന് അനുയോജ്യമായ പ്രവർത്തനാസൂത്രണങ്ങൾ നടത്തുക എന്നത് ഏറ്റവും പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. വിദ്യാഭ്യാസത്തിന്റെ സമഗ്രമായ ഗുണമേന്മ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കൊണ്ടുള്ള പ്രവർത്തനങ്ങൾക്കാണ് ഈ വർഷം കൂടുതൽ പ്രാധാന്യം. ആ ലക്ഷ്യം കൈവരിക്കാൻ ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഞങ്ങൾ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഈ പ്രവർത്തനങ്ങൾ അതിൻറെ പൂർണമായ ഫലപ്രാപ്തിയിൽ എത്തുന്ന തരത്തിൽ ആകട്ടെ എല്ലാ ഘടകങ്ങളുടെയും സംയോജനം.

# പൊതു ലക്ഷ്യങ്ങൾ

- ഓരോ കുട്ടിയും നേടേണ്ട അക്കാദമിക ശേഷികൾ നേടാനുള്ള സാഹചര്യം ഒരുക്കുക.
- കുട്ടിയുടെ വ്യക്തിത്വ വികസനത്തിനും സാമൂഹിക പുരോഗതിക്കുമുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- സമഗ്ര ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി പ്രവർത്തനങ്ങളുടെ ശരിയായ ആസൂത്രണം നടത്തുക.
- കുട്ടികളുടെ സർഗാത്മകകഴിവുകൾ വികസിപ്പിക്കുക.
- പഠന പിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി പിന്തുണ പ്രവർത്തനങ്ങൾ നൽകുക.
- പഠനത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.

# നൂറിന്റെ നിറവിൽ.

ചരിത്രമുറങ്ങുന്ന കണ്ണൂർ നഗരത്തിൽ നിന്നും ഏകദേശം ആറു കിലോമീറ്റർ അകലെയായി,ചിറക്കൽ പഞ്ചായത്തിൽ കാട്ടാമ്പള്ളി എന്ന ഗ്രാമത്തിൽ സ്കൂൾ സ്ഥിതി ചെയ്യുന്നു. പഴയകാല വാണിജ്യ കേന്ദ്രമായ ഈ നാടിന്റെ വളർച്ചക്കൊപ്പം നിലകൊണ്ട ഈ വിദ്യാലയം അടുത്ത അധ്യയന വർഷം ശതാബ്ദി ആഘോഷത്തിന്റെ  നിറവിൽ എത്തിയിരിക്കുന്നു.

1920കളിൽ ഓതിക്കുന്നവർ ഇബ്രാഹിം മുസ്ലിയാർ എന്ന ഒരു വലിയ മനുഷ്യന്റെ നേതൃത്വത്തിൽ പുരോഗമന ചിന്താഗതിക്കാരായ ഒരു പറ്റം ആളുകൾ മത പഠനത്തോടൊപ്പം ഭൗതിക വിദ്യാഭ്യാസത്തിനും പ്രാധാന്യം നൽകാൻ തീരുമാനിച്ചപ്പോൾ ഈ വിദ്യാലയം പിറവികൊണ്ടു. സാമൂഹികമായും സാമ്പത്തികമായും ഏറെ പിന്നോക്കം നിന്നിരുന്ന അക്കാലത്തെ ഏറ്റവും വിപ്ലവകരമായ സംഭവമായിരുന്നു അത്. 1953-54 ഓടെ 1 മുതൽ 7 ക്ലാസ്സുകൾ പ്രവർത്തിക്കുന്ന ഒരു യു പി സ്കൂളായി അപ്ഗ്രേഡ് ചെയ്യപ്പെട്ടു. ആദ്യകാലത്ത് കെട്ടിടമോ, സ്ഥലമോ സ്വന്തമായി ഇല്ലാത്തതിനാൽ കാട്ടാമ്പള്ളി നുസ്രത്തിൽ ഇസ്ലാം ജമാഅത്ത് കമ്മിറ്റിയുടെ കാരുണ്യപൂർണമായ ആനുകൂല്യങ്ങളുടെ സഹായത്താലാണ് നിലനിന്നത്.

തൊണ്ണൂറുകളുടെ അവസാനം പുരോഗമന ചിന്താഗതിക്കാരായ ഒരു പറ്റം മനുഷ്യരുടെ പ്രയത്നഫലമായി സ്കൂളിന് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടായി. പിന്നീടങ്ങോട്ട് വളർച്ചയുടെ നാളുകളായിരുന്നു വിദ്യാലയത്തിന് ഉണ്ടായത്.

# അവസ്ഥാ വിശകലനം

## നേട്ടങ്ങൾ

- ആധുനിക സൗകര്യങ്ങളോടുകൂടിയ മികച്ച കെട്ടിടങ്ങൾ.
- സജീവമായ സ്കൗട്ട്,ഗൈഡ്,ക്ലബ്ബ്, ബുൾബുൾ യൂണിറ്റുകൾ.
- വിവിധ സ്കോളർഷിപ്പുകൾക്ക് ചിട്ടയായ പഠനം.
- ശിശു സൗഹൃദ വിദ്യാലയ അന്തരീക്ഷം.
- പിന്നോക്കക്കാർക്ക് പ്രത്യേക പരിശീലനം.
- ഭിന്നശേഷി സൗഹൃദ വിദ്യാലയം.
- മത്സര പരീക്ഷകളിലും കലാകായിക പ്രവൃത്തി പരിചയ ഐ ടി മേളയിൽ മികച്ച വിജയം.
- ഏതു ഭാഗത്തേക്കും വാഹനസൗകര്യം.
- ആവശ്യത്തിന് കുടിവെള്ള സ്രോതസ്സുകൾ.
- വിശാലമായ ഓഡിറ്റോറിയം.
- ഫുട്ബോൾ, കരാട്ടെ, യോഗ................................. പരിശീലനങ്ങൾ.

# പരിമിതികൾ

- കുട്ടികളുടെ എണ്ണത്തിനനനുസൃതമായി ടോയ്‌ലറ്റുകൾ ഇല്ല.
- നടപ്പന്തൽ ആവശ്യമാണ്.
- ഭിന്ന ശേഷി കുട്ടികൾക്ക് സ്ഥിരം അധ്യാപകൻ വേണം.
- വിവിധ ലേബലുകൾ നവീകരിക്കണം.
- മാലിന്യസംസ്കരണത്തിനുള്ള സൗകര്യങ്ങളില്ല.
- ആവശ്യത്തിന് ശുചീകരണ ജോലിക്കാർ ഇല്ല.
- കുട്ടികൾക്ക് വിനോദത്തിനായി പാർക്ക്,തണലിടം ഇവയില്ല.

## സമഗ്ര ഗുണമേന്മ പദ്ധതി-വിദ്യാഭ്യാസ പ്രവർത്തനങ്ങൾ

## ഒറ്റനോട്ടത്തിൽ

- ലഹരി ഉപയോഗം തടയുന്നതിന്.
- സുരക്ഷിതയാത്ര.
- പച്ചക്കറി ഉത്പാദനം.
- ശുചിത്വം.
- ജലസംഭരണി.
- ഡിജിറ്റൽ അച്ചടക്കം. ഇന്റർനെറ്റ് - ബോധവൽക്കരണം.
- പൊതു ആരോഗ്യം.
- വ്യായാമം.

# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | നാസ്തികം |
|---|---|---|---|---|
| • കുട്ടികളിലെ ലഹരി ഉപയോഗം തടയുക. | • ബോധവൽക്കരണ ക്ലാസ്.<br>• വീഡിയോ പ്രദർശനം.<br>• നാടകം/സ്ക്രിപ്റ്റ് അവതരണം. | ജൂൺ - മാർച്ച് | ആരോഗ്യ ക്ലാസ്സ് ക്ലാസ്സ് ടീച്ചേർസ് | PTA |
| • റോഡ് സുരക്ഷ ഉറപ്പാക്കുക | • ബോധവൽക്കരണ ക്ലാസ്.<br>• വീഡിയോ പ്രദർശനം.<br>• പോസ്റ്റർ നിർമ്മാണം. | ജൂൺ - ജൂലൈ | ക്ലാസ്സ് അധ്യാപകർ | |
| • പച്ചക്കറി ഉത്പാദനം | • സ്കൂൾ പരിസരത്ത് പച്ചക്കറി തോട്ടം തയ്യാറാക്കുക. | ജൂൺ - ജനുവരി | അധ്യാപകർ | SMC |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | നാസ്തികം |
|---|---|---|---|---|
| • വ്യക്തി ശുചിത്വം , പരിസര ശുചിത്വം എന്നിവ ഉറപ്പാക്കുക. | • ലോക പരിസ്ഥിതി ദിനവുമായി ബന്ധപ്പെടുത്തി ശുചിത്വം ഉറപ്പാക്കുക.<br>• വ്യക്തി ശുചിത്വം - സർവ്വേ ഫോം.<br>• ദിവസേനയുള്ള ശുചീകരണ പ്രവർത്തനങ്ങൾ. | ജൂൺ - മാർച്ച് | എല്ലാ അധ്യാപകരും. | PTA |
| • ഡിജിറ്റൽ അച്ചടക്കം ഉറപ്പുവരുത്തുക | • ബോധവൽക്കരണ ക്ലാസ്സ് രക്ഷിതാക്കൾക്കും കുട്ടികൾക്കും. | ജൂൺ | HM | PTA |
| • പൊതു ആരോഗ്യം ഉറപ്പുവരുത്തുക | • വ്യായാമ പ്രവർത്തനങ്ങൾ നൽകുക. പോഷക ഭക്ഷണം ഉറപ്പുവരുത്തുക. | ജൂൺ - മാർച്ച് | അധ്യാപകർ | PTA |

# പ്രവർത്തനം ഒറ്റ നോട്ടത്തിൽ.

| അക്കാദമികം | ഭൗതികം | സാമൂഹികം |
| --- | --- | --- |
| • ഭാഷാ ശേഷികൾ മെച്ചപ്പെടുത്തൽ<br>• ഗണിത ശേഷി വികാസം.<br>• ശാസ്ത്രാവബോധം സൃഷ്ടിക്കൽ.<br>• ദിനാചരണങ്ങൾ.<br>• IT പരിശീലനം.<br>• കലാ-കായിക മേളകൾ.<br>• സ്കൂൾ ബ്ലോഗ് നിർമ്മാണം.<br>• വിവിധ ലാബ്അടിസ്ഥാന പ്രവർത്തനങ്ങൾ. | • സ്കൂൾ അങ്കണം കട്ട പതിക്കൽ.<br>• ഓഡിറ്റോറിയം ആധുനിക സൗകര്യങ്ങളോടുകൂടി പുതുക്കിപ്പണിയാൽ.<br>• ആധുനിക രീതിയിലുള്ള ശുചിമുറി നിർമ്മാണം.<br>• പാർക്കിംഗ് സ്ഥലം ഒരുക്കൽ.<br>• ഭക്ഷണ വിതരണ ശാല നിലം ടൈൽ പാകൽ.<br>• ലാബ് നവീകരണം.<br>• അടുക്കള നവീകരണം.<br>• തണൽ മരങ്ങൾ നട്ടുപിടിപ്പിക്കൽ. | • സ്കൂൾ ജാഗ്രതാ സമിതി പ്രവർത്തന ശാക്തീകരണം.<br>• തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം.<br>• വിദ്യാലയ മികവുകൾ ബ്ലോഗ് വഴി സമൂഹവുമായി പങ്കിടൽ.<br>• വിഭവ ഭൂപട നിർമ്മാണം.<br>• കായിക ഇനങ്ങളുടെ പരിശീലനം. |

# പ്രതീക്ഷിത നേട്ടങ്ങൾ

- മുഴുവൻ കുട്ടികൾക്കും അതാത് ക്ലാസുകളിൽ നേടേണ്ട പഠന കൈവരിക്കാൻ കഴിയുന്നു.
- മികവാർന്ന പഠന അന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കി കൊടുക്കാൻ സാധിക്കുന്നു.
- ഭിന്നശേഷിക്കാർ ഉൾപ്പെടെ എല്ലാ കുട്ടികളും അടിസ്ഥാന ശേഷി നേടുന്നു.
- മാതൃഭാഷയുടെ പ്രാധാന്യം ഉൾകൊള്ളുന്നു.
- വായന മെച്ചപ്പെടുന്നു.
- ശുചിത്വ പൂർണമായ സ്കൂൾ അന്തരീക്ഷം.
- കുട്ടികളുടെ ശാരീരികവും മാനസികവുമായ വികാസം.
- എല്ലാ ഭാഷകളിലും (മലയാളം,ഇംഗ്ലീഷ്,സംസ്കൃതം,ഹിന്ദി,ഉറുദു) അടിസ്ഥാന ശേഷി നേടുന്നു.
- സമൂഹവുമായി കൂടുതൽ അടുക്കുന്നു.

# മോണിറ്ററിംഗ്

- **A E O തലം.**
- **H M മോണിറ്ററിംഗ്.**
- **S R G വിലയിരുത്തൽ.**
- **അധ്യാപക മോണിറ്ററിംഗ്.**
- **SMC,PTA,SPG,SMC മോണിറ്ററിംഗ്.**

# പദ്ധതി വിശദാംശങ്ങൾ
# മലയാളം എൽ പി വിഭാഗം

**അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സമ്പത്തീകം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാശൈലി വികസനം ശിശുവികസനം. | ഭാഷാ കളരി<br><br>വായന,പാട്ട്,കഥ......... കൂട്ടിചേർന്ന് ഉത്സവങ്ങൾ സംഘടിപ്പിക്കൽ.<br>1) വായനോത്സവം.<br>2) സംയുക്ത ഡയറി.<br>3) പാട്ടരങ്ങ്<br>4) നിർമാണശില്പശാല.<br>5) രചനോത്സവം.<br>6) റീഡേഴ്സ് തിയേറ്റർ. | ജൂൺ - ഫെബ്രവരി | ക്ലാസ് ടീച്ചർ<br><br>SRG<br>SMC | SMC<br><br>PTA |
| കവിതകളുടെ ഈണം തിരിച്ചറിഞ്ഞ് ഭാവാത്മകമായി അവതരിപ്പിക്കുന്നതിനു ശേഷി നേടുന്നു. | കാവ്യോത്സവം, പാട്ടരങ്ങ്, വ്യത്യസ്ത വായ്ത്താരികളും സമാന കവിതകളും ശേഖരിച്ച് ഈണത്തിൽ അവതരിപ്പിക്കുന്നു.<br><br>• കാവ്യകേളിയിൽ ഏർപ്പെടുന്നു. | ജൂലൈ -മാർച്ച് | മലയാളം അധ്യാപകർ. | SMC |
| സർഗാത്മക രചന പരിപോഷിപ്പിക്കൽ. | • സർഗാത്മക ഡയറി.<br><br>• റീഡേഴ്സ് തീയേറ്റർ. | 1 വർഷം.<br><br>1 വർഷം. | ക്ലാസ്സ് അധ്യാപകർ.<br><br>ക്ലാസ്സ് അധ്യാപകർ. | |
| വായന പരിപോഷിപ്പിക്കൽ.<br><br>രചന പരിചയം. | • പുസ്തകങ്ങൾ പരിചയപ്പെടൽ (വിവിധ വഴികളിലൂടെ) | 1 വർഷം മുഴുവൻ. | അധ്യാപകർ. | SMC |

# LP ENGLISH

| AIM | ACTIVITIES | DURATION | CHARGE | ECONOMIC ANALYSIS |
|---|---|---|---|---|
| • All should understand English through listening activities. | Story.<br>Song.<br>Games.<br>Skits. | 1 Year. | Class Teacher. | ———— |
| • All should speak,read and write English | Card making.<br>English Corner.<br>Blooms (Work shop)<br>Digitask.<br>English Lab | 1 Year. | PTA | |

# LP പരിസര പഠനം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ. | • ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരുക്കൽ.പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | ഒരു വർഷം | SRG ക്ലാസ് ടീച്ചേഴ്സ്. | PTA |
| • ശാസ്ത്രപഠനത്തിൽ ഉള്ള താല്പര്യം ജനിപ്പിക്കൽ - അന്വേഷണത്വര വളർത്തൽ. | • ഫോക്‌ലോർ അക്കാദമി സന്ദർശിക്കാനുള്ള അവസരം. ശാസ്ത്രപരീക്ഷണങ്ങൾ, വാനനിരീക്ഷണം എന്നിവയുടെ വീഡിയോ പ്രദർശിപ്പിക്കൽ. | ആവശ്യാനുസരണം. | MM. SRG. CPTA. Class Teachers. | |
| • പക്ഷികളുടെ പ്രത്യേകതകൾ തിരിച്ചറിയുന്നു. നിരീക്ഷണ പരീക്ഷണങ്ങൾ ഏർപ്പെടൽ. | • പ്രകൃതി നടത്തം,തൂവൽ ശേഖരണം,വിദഗ്ധരുടെ ക്ലാസ്സ്. | ഒരുമാസം. | ക്ലാസ് ടീച്ചേഴ്സ്. | |

# LP ഗണിതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികളിലും ഉറപ്പാക്കുക. | • സങ്കലനം, വ്യവകലനം, ഗുണനം,ഹരണം എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കണ്ടെത്തി നിർധാരണം ചെയ്യുന്നു. | ഒരു വർഷം | അധ്യാപകർ. | |
| • സംഖ്യാ ബോധം ഉറപ്പിക്കുക. | • സ്ഥാന വില പോക്കറ്റ്. | ജൂൺ ആഗസ്റ്റ്. | അധ്യാപകർ. | |
| • ഗണിതവുമായി ബന്ധപ്പെട്ട നിത്യജീവിത പ്രശ്നങ്ങൾ പരിഹരിക്കുക. | • ചതുഷ്ക്രിയകൾ അടങ്ങിയ പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു<br>• സമയം,ദൂരം,അളവ്, കലണ്ടർ.......... | ഒരു വർഷം | അധ്യാപകർ. | |

# യുപി മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • മാതൃഭാഷാസ്നേഹം വളർത്തുക. | • പതിപ്പ് നിർമ്മാണം (കടങ്കഥ,പഴഞ്ചൊല്ല്, പ്രയോഗങ്ങൾ / ശൈലികൾ മലയാള സാഹിത്യകാരന്മാർ, കവിതകൾ.......) | പത്തുമാസം | എല്ലാ മലയാളം അധ്യാപകരും. | PTA |
| • ഭാഷാ വികസന ശേഷി പരിപോഷിപ്പിക്കുക. (വായന) | • വായനാ-മത്സരം ഓഡിയോ കേൾപ്പിക്കാൻ ലൈബ്രറി ഉപയോഗം. | പത്തുമാസം. | എല്ലാ മലയാളം അധ്യാപകരും. | SMC |
| • സർഗാത്മക രചന പരിപോഷിപ്പിക്കുക | • കഥ കവിത രചനകൾ നടത്തുക പലതരം വ്യവഹാരരൂപങ്ങൾ നിർമ്മിക്കുക. | പത്തുമാസം. | എല്ലാ മലയാളം അധ്യാപകരും. | |

# UP-ENGLISH

| AIM | ACTIVITIES | DURATION | CHARGE | ECONOMIC ANALYSIS |
|---|---|---|---|---|
| • Develop the skills of children for listening,speaking,reading and writting. | • Chance to create a live News Reading.<br>• Use of Library. | 1 Year. | All English Teachers. | SSK |
| • Creative writing. | • Poem,Story writting,Magazines Production. | 1 Year. | | SSK |
| • Improving insufficient Vocabulary. | • Word Games,ICT making cross word puzzles, Dictionary Making. | 1 Year. | | SSK |

# യു.പി. ഗണിതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുക. | • ഗണിത ക്ലിനിക് ഗുണന കേളി.<br>• ഗണിത ശില്പശാല | 8 മാസം. | ഗണിതാധ്യാപകർ. | SMC<br>SSK |
| • ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ പുനിത് പഠനത്തിനായി ഉപയോഗിക്കുന്നു. | • ICT സാധ്യതകൾ ഉൾപ്പെടുത്തിക്കൊണ്ട് ജ്യാമിതീയരൂപങ്ങൾ ഉൾപ്പെടുന്ന പ്രവർത്തനങ്ങൾ. | 1വർഷം. | ഗണിതാധ്യാപകർ. | SSK |

# യു.പി. അടിസ്ഥാന ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • പാഠ്യപദ്ധതിയിൽ പറഞ്ഞിരിക്കുന്ന പഠനലക്ഷ്യങ്ങൾ നേടാൻ കുട്ടികളെ പ്രാപ്തരാക്കുക. | • പരീക്ഷണ നിരീക്ഷണങ്ങളിലൂടെ ഉള്ള പഠനം.<br>• ഓരോ പാഠത്തിന്റെയും വർക്ക്ഷീറ്റുകൾ.<br>• യൂണിറ്റ് ടെസ്റ്റ് നിരന്തര മൂല്യനിർണയത്തിന് ആവശ്യമായ ടൂളുകൾ തയ്യാറാക്കുന്നു.<br>• ശാസ്ത്ര കിറ്റുകൾ തയ്യാറാക്കുന്നു. | അക്കാദമിക വർഷം. | ശാസ്ത്ര അധ്യാപകർ | |
| • ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക. | • ലാബ് ശക്തീകരണം,വിഭവ ശേഖരണം.<br>ശാസ്ത്ര കോർണർ, ശാസ്ത്രോത്സവം. | അക്കാദമിക വർഷം. | | സയൻസ് ക്ലബ് |

# സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • സ്വന്തം പ്രദേശത്തെക്കുറിച്ച് ധാരണ നേടൽ. | • പ്രാദേശിക ഭൂപടം തയ്യാറാക്കൽ.<br>• ഡിജിറ്റൽ ഭൂപടം ഉപയോഗപ്പെടുത്തൽ.<br>• ക്ലാസുകളിൽ വാർഡ്, പഞ്ചായത്ത്, ജില്ലാ ഭൂപടങ്ങൾ വരക്കുക. | ജൂൺ - ആഗസ്റ്റ്. | സാമൂഹ്യ ശാസ്ത്ര അധ്യാപകർ. | |
| • പഴയകാല ഉപകരണങ്ങളെക്കുറിച്ച് ധാരണ നേടൽ. | • പഴയ കാല ഉപകരണങ്ങളുടെ മ്യൂസിയം തയ്യാറാക്കൽ വീഡിയോ പ്രദർശനം പഴയകാല വ്യക്തികളുമായി അഭിമുഖം ചരിത്ര പ്രധാന സ്ഥലങ്ങൾ സന്ദർശനം | 1 മാസം. | സാമൂഹ്യ ശാസ്ത്ര അധ്യാപകർ. | |
| • പ്രാദേശിക ചിത്രരചന | • പുസ്തകങ്ങൾ ശേഖരിക്കൽ | 1 മാസം. | സാമൂഹ്യ ശാസ്ത്ര അധ്യാപകർ. | |

| | | | | |
|---|---|---|---|---|
| • ചരിത്രപ്രധാന ദിനങ്ങളെ കുറിച്ചും ആഘോഷങ്ങളെ കുറിച്ചും ബോധവാന്മാരാക്കുക . | • ദിനാചരണങ്ങൾ സംഘടിപ്പിക്കുക.<br>• ആഘോഷങ്ങൾ ജനകീയമായി സംഘടിപ്പിക്കുക.<br>• വീഡിയോ പ്രദർശനങ്ങൾ. | 1 വർഷം. | സാമൂഹ്യ ശാസ്ത്ര അധ്യാപകർ. | |
| • സാമൂഹ്യശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യുക | • ബുള്ളറ്റിൻ ബോർഡ്.<br>• ഡിബേറ്റ് ക്ലബ്ബ്.<br>• ക്വിസ് മത്സരങ്ങൾ.<br>• അങ്കത്തട്ട്.<br>• ഓർമ്മച്ചെപ്പ്. | 1 വർഷം. | സാമൂഹ്യ ശാസ്ത്ര അധ്യാപകർ. | |

# സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • വായന മെച്ചപ്പെടുത്തുക. | • മധുര വാചനം.<br>• ICT സഹായത്തോടെ വായന മെച്ചപ്പെടുത്തുന്നു.<br>• കുട്ടികൾക്ക് ചിത്രവായന അവസരം ഒരുക്കുന്നു. | ജൂൺ - മാർച്ച് | | |
| • രചന ശേഷി വളർത്തുക. | • കയ്യെഴുത്തു മാഗസിൻ, കവിത, കഥാരചനകൾ, ചുമർപത്രിക. | ജൂൺ - മാർച്ച് | | |
| • ശ്ലോകങ്ങൾ ആസ്വദിക്കുന്നു. | • സുഭാഷിതം / അക്ഷരശ്ലോകം | ജൂൺ - മാർച്ച് | | |

# ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • യു.പി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ. | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ.<br>• അക്ഷര കാർഡ്, പദ കാർഡ്<br>• അക്ഷരമാല പ്രദർശനം.<br>• ഓൺലൈൻ അക്ഷരമാല കളികൾ.<br>• പദ നിർമാണം.<br>• വാക്യ നിർമാണം.<br>• (HS വിഭാഗത്തിലെ പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾ പ്രീ- ടെസ്റ്റ് നടത്തി മുകളിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കും) | ജൂൺ TO ആഗസ്ത് | ഹിന്ദി അധ്യാപകർ. | |
| • കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക. | • വീട് ഒരു പരീക്ഷണശാല<br>• (ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പേരുകൾ ഹിന്ദിയിൽ പട്ടിക തയ്യാറാക്കുന്നു.)<br>• WSN കുട്ടികളുടെ പങ്കാളിത്തം. | സെപ്റ്റംബർ TO ഒക്ടോബർ | ഹിന്ദി അധ്യാപകർ. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കുവാനും സർഗാത്മക രചനകൾ വികസിപ്പിക്കാനും ഉള്ള അവസരം (സുരീലി ഹിന്ദി) | • ഹിന്ദി അസംബ്ലി.<br>• ദിനാചരണങ്ങൾ.<br>• (സെപ്റ്റംബർ 14 ജനുവരി 10)<br>• ക്ലാസ് ലൈബ്രറി.<br>• അധിക വായന സാമഗ്രികൾ.<br>• ചിത്രകഥകൾ.<br>• അടിക്കുറിപ്പ്.<br>• കഥപറയൽ.<br>• ഹിന്ദി ക്ലബ്. | 1 വര്ഷം. | ഹിന്ദി അധ്യാപകർ. | |

# ഉറുദു

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • ഉറുദു ഭാഷാ പഠനവുമായി ബന്ധപ്പെട്ട് കരിക്കുലം വിഭാവനം ചെയ്യുന്ന പഠനനേട്ടങ്ങൾ എല്ലാകുട്ടികളും ആർജ്ജിക്കുക. | • വായനാ മത്സരങ്ങൾ.<br>• ക്വിസ് മത്സരം.<br>• ബാലമാസികകൾ.<br>• പദക്കാർഡുകൾ. | 1 വർഷം. | ഉറുദു ടീച്ചർ. | |
| • എല്ലാ കുട്ടികൾക്കും ഉറുദുവിൽ സാഹിത്യരചനകൾ നടത്താനുള്ള ശേഷിയും ഉറപ്പാക്കുക. | • കയ്യെഴുത്തുമാസിക നിർമ്മാണം.<br>• വായനകാർഡ് നിർമ്മാണം. | 1 വർഷം. | ഉറുദു ടീച്ചർ. | |
| • ഉറുദു ഭാഷയെ കുറിച്ച് സാമൂഹിക അവബോധം വളർത്തുക. | • പൊതുവായതും ഉർദുവിൽ ഉള്ളതുമായ പ്രസിദ്ധീകരണങ്ങളും പുസ്തകങ്ങളും വായന. | 1 വർഷം. | ഉറുദു ടീച്ചർ. | |

# എൽ.പി. അറബിക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • വായനാ ശേഷി വർദ്ധിപ്പിക്കുക. | • വായനാ സാമഗ്രികൾ ശേഖരിക്കൽ.(കാർഡുകൾ, പുസ്തകങ്ങൾ).<br>• ചിത്ര വായന.<br>• ആശയാവതരണം.<br>• തുടർ വായന | ജൂൺ - മാർച്ച് | അധ്യാപകർ | SRG<br>PTA |
| • ആശയവിനിമയശേഷി വളർത്തുക. | • സംഭാഷണം.<br>• ഈ ടെക്സ്റ്റ്.<br>• ഭാഷാ കളികൾ.<br>• പദപ്പയറ്റ്.<br>• കാർട്ടൂൺ. | | | |
| • രചനാശേഷി മെച്ചപ്പെടുത്തുക. | • കയ്യെഴുത്തുമാസിക, ചിത്രകഥാ നിർമ്മാണം, രചനാമത്സരങ്ങൾ, നിഘണ്ടു നിർമ്മാണം | ജൂലൈ - ജനുവരി. | അധ്യാപകർ | PTA |
| • ഭാഷാആഭിമുഖ്യം വർദ്ധിപ്പിക്കുക. | • ദിനാചരണങ്ങൾ, ക്ലബ്ബ് പ്രവർത്തനം, അറബിക് ടാലൻറ് ടെസ്റ്റ്. | ജൂൺ - മാർച്ച്. | അധ്യാപകർ | SMC |

# യു.പി. അറബിക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • വായനാ മെച്ചപ്പെടുത്തുക. | • വായനാ സാമഗ്രികൾ ഉപയോഗപ്പെടുത്തിക്കൊണ്ട് മത്സരങ്ങൾ.<br>• സചിത്ര നോട്ട്ബുക്ക് നിർമ്മാണം. | ജൂൺ - ഡിസംബർ | അധ്യാപകർ | |
| • ഭാഷാ ആഭിമുഖ്യം വർദ്ധിപ്പിക്കുക. | • ചിത്രകഥകൾ കാർട്ടൂൺ തുടങ്ങിയവ ഉപയോഗപ്പെടുത്തുക. | ആഗസ്റ്റ് - ഡിസംബർ | അധ്യാപകർ | |
| • ഭാഷാ വിനിമയ ശേഷി വർദ്ധിപ്പിക്കുക. | • ദൈനംദിന പ്രവർത്തനങ്ങളും ആശയവിനിമയങ്ങളും ഈ ഭാഷയിൽ കൂടി നടത്തുക.<br>• സംഭാഷണങ്ങളും നാടകങ്ങളും കൂടുതൽ കേൾക്കുക. | ജൂൺ - മാർച്ച് | അധ്യാപകർ | |

# പദ്ധതി വിശകലനങ്ങൾ
## ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • ഹൈടെക് ക്ലാസ് മുറികൾ. | • സ്കൂളിലെ മുഴുവൻ ക്ലാസ് മുറികളും ഹൈടെക് നിലവാരത്തിലേക്ക് ഉയർത്തുക. | 1 വർഷം. | ബ്ലോക്ക് പഞ്ചായത്ത്. | 10 ലക്ഷം. |
| • സ്കൂൾ അങ്കണം കട്ട പതിപ്പിക്കൽ. | • സ്കൂൾ അങ്കണം ഇൻറർലോക്ക്ചെയ്തു കട്ടകൾ പതിച്ച മനോഹരമാക്കൽ. | 2025 - 2026 | MLA | 20 ലക്ഷം. |
| • പാർക്കിംഗ് സ്ഥലം. | • മേൽക്കൂര പതിപ്പിച്ച പാർക്കിംഗ് ഏരിയ നിർമ്മിക്കുക. | 2025 – 2026 | പഞ്ചായത്ത്. | 10 ലക്ഷം. |
| • മൾട്ടിമീഡിയ റൂം. | • ഓഫീസിന് മുകൾവശം മൾട്ടിമീഡിയ റൂം നിർമ്മിക്കുക. | 2025 – 2026 | പഞ്ചായത്ത്/ ബ്ലോക്ക്. | 20 ലക്ഷം. |
| • മെച്ചപ്പെട്ട ശുചിമുറി. | • ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വേറെവേറെ ടോയ്‌ലറ്റ് സൗകര്യം. | 2025 – 2026 | പഞ്ചായത്ത്. | 15 ലക്ഷം. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • ഭക്ഷണശാല നിലം ടൈൽ പതിപ്പിക്കൽ. | • കുട്ടികൾക്ക് ഭക്ഷണം വിതരണം ചെയ്യാനായി നിർമിച്ചിട്ടുള്ള കെട്ടിടത്തിന്റെ നിലം ടൈൽ പതിച്ച്പണി പൂർത്തിയാക്കുക. | 2025 - 2026 | പഞ്ചായത്ത്. | 10 ലക്ഷം. |
| • കെട്ടിടങ്ങളെ ബന്ധിപ്പിക്കുന്ന വിധത്തിൽ സ്ലാബ് നിർമ്മാണം. | • ഓരോ കെട്ടിടത്തെയും സ്ലാബ് നിർമ്മിച്ച് ബന്ധിപ്പിക്കുക. | 2025 - 2026 | പഞ്ചായത്ത്. | 5 ലക്ഷം. |
| • ലൈബ്രറി ചുമർ അലമാര. | • പ്രത്യേക ലൈബ്രറിറൂം.<br>• പുസ്തകങ്ങൾ ക്രമീകരിക്കാൻ അലമാരകൾ/ ബുക്ക് റാക്കുകൾ. | 2025 - 2026 | പഞ്ചായത്ത്. | 10 ലക്ഷം. |
| • ലാബുകളുടെ വികസനം. | • എല്ലാ ലേബലുകൾ ക്കും പ്രത്യേകം സജ്ജീകരണങ്ങളോടും കൂടിയ മുറികൾ. | 2025 - 2026 | പഞ്ചായത്ത്. | 25,000/ |
| • മാലിന്യ സംസ്കരണ യൂണിറ്റ് നിർമ്മാണം. | • കമ്പോസ്റ്റ് കുഴി നിർമ്മാണം. ബയോഗ്യാസ് നിർമാണം. | 2025 – 2026 | പഞ്ചായത്ത്. | 5 ലക്ഷം. |
| • അടുക്കള ഭാഗം മേൽക്കൂര നിർമാണം. | • അടുക്കള മെച്ചപ്പെട്ട സൗന്ദര്യത്തോടു കൂടി നവീകരിക്കുക.<br>• | 2025 – 2026 | പഞ്ചായത്ത്/ ജില്ലാ പഞ്ചായത്ത് | 20 ലക്ഷം. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • പാർക്ക് തണൽമരങ്ങൾ. | • വിനോദത്തിനും വിശ്രമത്തിനും ആവശ്യമായ പാർക്ക്, തണൽമരങ്ങൾ ഉൾപ്പെടുന്നവയുടെ നിർമ്മാണം. | 2025 – 2026 | പൂർവ്വ വിദ്യാർത്ഥികൾ | 15 ലക്ഷം. |
| • കൊടിമരം - അടിത്തറ പുതുക്കി നിർമ്മാണം | • കൊടിമരത്തിന് അടിഭാഗം മോടികൂട്ടി നിർമ്മിക്കുക. | 2025 – 2026 | Staff | 15 ലക്ഷം. |
| • ശുചീകരണ തൊഴിലാളി നിയമനം. | • സ്കൂളും പരിസരവും ശുചിയാക്കാൻ ആവശ്യത്തിനു തൊഴിലാളികളുടെ നിയമനം. | 2025 – 2026 | പഞ്ചായത്ത്. | 50,000/ |
| • ഓഡിട്ടോറിയം നവീകരണം. | • അധുനീകസൌകര്യത്തോടുകൂടിയ ഓടിറ്റൊറിയം നിർമ്മാണം. | 2025 - 2026 | MLA | 1 കോടി. |

# സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • പിടിഎ ശാക്തീകരണം. | • സി പി ടി എ ബോധവൽക്കരണ ക്ലാസുകൾ<br>• വാർഷികം. | 2025 – 2026 | HM & STAFF | 10,000 |
| • തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം. | • വിദ്യാലയത്തിലെ വിവിധ പരിപാടികളിൽ സജീവസാന്നിധ്യം. | 2025 – 2026 | അധ്യാപകർ | 5,000 |
| • ഫുട്ബോൾ, യോഗ, കരാട്ടെ പരിശീലനം. | • പ്രത്യേകത ഇൻസ്ട്രെക്ട്ടർമാരുടെ നേതൃത്വത്തിൽ പരിശീലനം. | 2025 – 2026 | അധ്യാപകർ, രക്ഷിതാക്കൾ | 1 ലക്ഷം. |
| • SG - ESG ബന്ധം | • വിദ്യാലയത്തിലെ വിവിധ പ്രവർത്തനങ്ങൾ. | 2025 – 2026 | അധ്യാപകർ | |
| • പൂർവ<br>• അധ്യാപക,വിദ്യാർഥി സംഗമം. | • വിദ്യാലയത്തിലെ വിവിധ പ്രവർത്തനങ്ങളിൽ പങ്കാളിത്തം | 2025 – 2026 | അധ്യാപകർ, പൂർവ്വ വിദ്യാർഥികൾ. | |
| • വിദ്യാലയ ബ്ലോഗ് സജീവമാകൽ. | • വിദ്യാലയ മികവുകൾ ബ്ലോഗ് വഴി സമൂഹവുമായി പങ്കിടൽ. | 2025 – 2026 | അധ്യാപകർ | |

# ഉപസംഹാരം

ദീർഘവീക്ഷണത്തോടെ കൂടി ആസൂത്രണം ചെയ്ത് ഏതൊരു പദ്ധതിയുടെയും വിജയത്തിന് അനിവാര്യമാണ്. കാലോചിതമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കുക എന്നത് ഏതൊരു വിദ്യാലയത്തിന്റെയും പ്രഥമകർത്തവ്യങ്ങളിൽ ഒന്നു മാത്രം. ഈ രൂപരേഖയിൽ പരാമർശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ കുട്ടികളുടെ അക്കാദമികവും സാമൂഹികവും വ്യക്തിപരവുമായ വളർച്ചയ്ക്ക് ഉത്തകുന്നതാണെന്ന എന്ന കാര്യത്തിൽ സംശയമില്ല.